# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 1529 — 13-07-2011-ൽ മറുപടിക്ക്

## വൈദ്യുതി വകുപ്പിലെ കരാർ ജോലിക്കാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>,, വി.ഡി. സതീശൻ<br>,, സണ്ണി ജോസഫ്<br>,, ബെന്നി ബെഹനാൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി വകുപ്പിൽ കരാർ ജോലിക്കാരായി എത്ര പേർ ഉണ്ട് ; | (എ) ചെറുകിട കരാറുകാരും അവരുടെ തൊഴിലാളികളുമായി ഏകദേശം രണ്ടായിരത്തോളം പേർ ഓരോ വർഷവും ബോർഡിന്റെ കീഴിലെ വിവിധ ഓഫീസുകളിൽ പ്രവർത്തിച്ചുവരുന്നതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. |
| (ബി) ഇവരുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) ഇവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി സുരക്ഷാ ഉപകരണങ്ങളും സുരക്ഷാ ബോധവൽക്കരണവും നൽകുന്നുണ്ട്. കൂടാതെ ജോലികൾ ചെയ്യിക്കുമ്പോൾ ബോർഡിന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർ മേൽനോട്ടം വഹിക്കുന്നുണ്ട്. |
| (സി) ഇവർക്ക് അപകടം സംഭവിച്ചാൽ ഏത് തരത്തിലാണ് നഷ്ടപരിഹാരം നൽകി വരുന്നത് ? | (സി) വൈദ്യുതി ബോർഡിൽ മൂന്നു ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയ്ക്കുള്ള കരാർ ജോലി ഏറ്റെടുത്ത് നടത്തുന്ന ചെറുകിട തൊഴിലാളികൾക്ക് ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടം സംഭവിക്കുകയാണെങ്കിൽ 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ചുള്ള നഷ്ടപരിഹാരത്തിന് അർഹതയുണ്ട്. 03.06.2011-ന് മുമ്പ് ചെറുകിട കരാർ അടങ്കൽ തുകയുടെ പരിധി 1.5 ലക്ഷം രൂപയാണ്. ഇപ്രകാരം നഷ്ടപരിഹാരത്തിന് അർഹത നിശ്ചയിക്കാൻ നിയമപ്രകാരം ഹാജരാക്കേണ്ട വിവിധ രേഖകൾ/ പ്രമാണങ്ങൾ എന്നിവയ്ക്കനുസൃത |

മായും അപകടത്തിൽപ്പെടു ന്നയാളിന്റെ പ്രായം കണക്കിലെടുത്തും ബോർഡിൽ നിലവിലുള്ള ചട്ടങ്ങൾക്കും നിയമങ്ങൾ ക്കും വിധേയമായും മേൽ സൂചിപ്പിച്ച വിഭാഗത്തിന്

1) അപകടത്തിൽപ്പെടുന്നയാളിന്റെ പ്രായത്തിന് ആനുപാതികമായ നഷ്ടപരിഹാരം.
2) സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യമുണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡിൽ നിന്നും ലഭിക്കുന്ന സർട്ടിഫി ക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായത്തിന് ആനുപാതികമായ അവശതാ നഷ്ടപരിഹാരം.
3) അപകടം സംഭവിക്കുന്ന തൊഴിലാളിക്ക് ചികിത്സക്കും വിശ്രമത്തിനും ശുപാർശ ചെയ്തുകൊണ്ട് ഡോക്ടർ നല്കുന്ന മെഡിക്കൽ സർട്ടിഫി ക്കറ്റിന്റെയും ഫിറ്റ്നസ് സർട്ടിഫി ക്കറ്റിന്റെയും അടിസ്ഥാനത്തിൽ അർദ്ധമാസികവേതനം എന്നീ ആനുകൂല്യങ്ങൾക്ക് അർഹത യുണ്ട്.

മൂന്നു ലക്ഷത്തിൽ കവിയുന്ന അടങ്കൽ തുകയ്ക്കുള്ള കരാർ ജോലിയിൽ ഏർപ്പെട്ടിരുന്ന തൊഴിലാ ളിക്ക് ജോലിക്കിടെ അപകടം സംഭവി ക്കുകയാണെങ്കിൽ നഷ്ടപരിഹാരം നല്കുന്നതിനുള്ള ഉത്തരവാദിത്വം പൂർണ്ണമായും കരാറുകാരനാണ്.

സെക്ഷൻ ഓഫീസർ